GE-DA2/79/2023-G.EDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകപ്പ്-ശ്രീ.ബാലകൃഷ്ണൻ കെ. കെ., പ്രിൻസിപ്പൽ, ഗവ വി.എച്ച്.എസ്.എസ്, മടപ്പള്ളി, കോഴിക്കോട്- സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2737/2024/GEDN    തീയതി,തിരുവനന്തപുരം, 20-04-2024

---

പരാമർശം:- 1. 01.04.2023 ലെ സ.ഉ(സാധാ) നം.2300/2023/പൊവിവ

2. 09.11.2023 ലെ സ.ഉ.(സാധാ) നം.6971/2023/പൊവിവ

3. ശ്രീ ബാലകൃഷ്ണൻ കെ. കെ. സമർപ്പിച്ച 24.11.2023 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

ശ്രീ ബാലകൃഷ്ണൻ കെ. കെ., മുൻ പ്രിൻസിപ്പൽ, ഗവ വി.എച്ച്.എസ്.എസ്, മടപ്പള്ളി, കോഴിക്കോട്-നെ വടകര ചോമ്പാല പോലീസ് 2012 ലെ പോക്സോ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ (ക്രൈം നമ്പർ 119/2033) 27/03/2023 ന് അറസ്റ്റ് ചെയ്ത് റിമാൻറ് ചെയ്തിരുന്നതിനാൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം 27/03/2023 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ടിയാന്റെ സസ്പെൻഷൻ കാലയളവ് 27/09/2023 മുതൽ ആറ് മാസത്തേയ്ക്ക് പരാമർശം(2) ഉത്തരവ് പ്രകാരം ദീർഘിപ്പിക്കുകയുണ്ടായി. 26/03/2024ന് ടിയാന്റെ സസ്പെൻഷൻ കാലയളവ് ഒരു വർഷം പൂർത്തിയാക്കിയിട്ടുണ്ട്. തനിക്കെതിരെ നാദാപുരം ഫാസ്റ്റ് ട്രാക്ക് കോടതിയുടെ സെഷൻസ് കേസ് നം 638/2023-ന്മേലുള്ള 21/11/2023 ലെ വിധി പ്രകാരം ബഹു കോടതി ടിയാനെ കുറ്റവിമുക്തനാക്കിയിട്ടുള്ളതിനാൽ ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന് പരാമർശം(3) പ്രകാരം ടിയാൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാനെതിരെ

സർക്കാർ ആരംഭിച്ച അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് 27/03/2024 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ടിയാന് സസ്പെൻഷൻ കാലയളവിൽ KSR Part 1 ചട്ടം 55 പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA GOPINATH
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം),തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്
ശ്രീ ബാലകൃഷ്ണൻ കെ. കെ, പ്രിൻസിപ്പൽ(U/S) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
വെബ്(ന്യൂ മീഡിയ/കൈറ്റ്സ്)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 20-04-2024 13:56:04
സെക്ഷൻ ഓഫീസർ

ബഹു:പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്